# ഭാരതീയ റിസർവ് ബാങ്ക്

ജൂലൈ 10, 2017

**സൂരി ഫ്രണ്ട്സ് യൂണിയൻ സഹകരണ ബാങ്ക് ലിമിറ്റഡ്, സൂരി പശ്ചിമബംഗാൾ - ബാങ്കിംഗ് റഗുലേഷൻ നിയമം 1949 സെക്ഷൻ 35 എ), സെക്ഷൻ 56 എന്നിവ പ്രകാരം നൽകിയ സമഗ്ര മാർഗനിർദ്ദേശം നീട്ടുന്നു.**

സൂരി ഫ്രണ്ട്സ് യൂണിയൻ സഹകരണ ബാങ്ക് ലിമിറ്റഡ് സൂരി പശ്ചിമബംഗാളിന് മാർച്ച് 28, 2014 നും ഡിസം. 30, 2016 നും നൽകിയ മാർഗ്ഗനിർദ്ദേശത്തിന്റെ കാലാവധി പൊതുജന താല്പര്യം പരിഗണിച്ച് നീട്ടേണ്ടതാണെന്ന് റിസർവ് ബാങ്കിനു ബോധ്യമായ കാര്യം പൊതുജനങ്ങളുടെ അറിവിലേക്കായി വിളംബരം ചെയ്യുന്നു.

ബാങ്കിംഗ് റഗുലേഷൻ നിയമം 1949 ന്റെ സെക്ഷൻ 35എ), സബ്സെക്ഷൻ 1, സെക്ഷൻ 56 എന്നിവയിലൂടെ ലഭ്യമായ അധികാരം ഉപയോഗിച്ച് സൂരി ഫ്രണ്ട്സ് യൂണിയൻ സഹകരണ ബാങ്ക് ലിമിറ്റഡ്, സൂരി, പശ്ചിമബംഗാളിന് 2014 മാർച്ച് 28 നു നൽകുകയും തുടർന്ന് കാലാകാലങ്ങളിൽ പുതുക്കുകയും, ഒടുവിൽ 2016 ഡിസംബർ 30 മുതൽ 2017 ജൂലൈ 6 വരെ നീട്ടുകയും ചെയ്ത മാർഗ്ഗ നിർദ്ദേശം ബാങ്കിന് തുടർന്ന് 6 മാസത്തേക്ക് 2017 ജൂലൈ 7 മുതൽ 2018 ജനുവരി 6 വരെ പുന:പരിശോധനക്കു വിധേയമായി നീട്ടിയിരിക്കുന്നു.

കാലകാലങ്ങളിൽ പുതുക്കിയ മറ്റുപാധികളും നിബന്ധനകളും മാറ്റ മില്ലാതെ തുടരുന്നതാണ്.

മേൽ സൂചിപ്പിച്ച റിസർവ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്ന് ആർ. ബി. ഐ നൽകിയ ബാങ്കിംഗ് ലൈസൻസ് റദ്ദാക്കിയതായി കരുതാൻ പാടില്ലാത്തതാകുന്നു. സാമ്പത്തികനില മെച്ചപ്പെടുന്നതുവരെ നിയന്ത്രണ ങ്ങളോടെ ബാങ്കിംഗ് ബിസിനസ് ചെയ്യുന്നത് തുടരും. സാഹചര്യമനുസരിച്ച് റിസർവ് ബാങ്ക് ഈ മാർഗ്ഗനിർദ്ദേശങ്ങളിൽ മാറ്റം വരുത്തുന്നതായിരിക്കും.

**ജോസ്. ജെ. കാട്ടൂർ**

ചീഫ് ജനറൽ മാനേജർ

പത്രപ്രസ്താവന 2017-2018/89